# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നംപർ: 2225 — 12/02/2013 - ൽ മറുപടിയ്ക്ക്

## ജയിലുകളിൽ വിമുക്തഭടന്മാരുടെ നിയമനം

| ചോദ്യം<br>ശ്രീ. കെ. രാധാകൃഷ്ണൻ | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ ജയിലുകളിൽ സുരക്ഷയ്ക്കായി വിമുക്തഭടന്മാരെ നിയമിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ , ഓരോ ജയിലിലും എത്ര പേർ വീതമുണ്ടെന്നും അവരുടെ ചുമതലകൾ എന്തെല്ലാമാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) ഓരോ ജയിലുകളിലുമുള്ള വിമുക്തഭടന്മാരുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>സെൻട്രൽ പ്രിസൺ, തിരുവനന്തപുരം - 24<br>സെൻട്രൽ പ്രിസൺ, വിയ്യൂർ - 18<br>സെൻട്രൽ പ്രിസൺ, കണ്ണൂർ - 11<br>സബ് ജയിൽ , മട്ടാഞ്ചേരി - 1<br>സ്പെഷ്യൽ സബ് ജയിൽ തലശ്ശേരി - 1<br>തുറന്ന ജയിൽ, ചീമേനി - 3<br>ജില്ലാ ജയിൽ , കോഴിക്കോട്, - 3<br>സബ് ജയിൽ , കണ്ണൂർ - 3<br>സബ് ജയിൽ , തിരൂർ - 2<br>സബ് ജയിൽ , പൊന്നാനി - 3<br>എല്ലാ ജയിലുകളിലുമായി 69 വിമുക്ത ഭടന്മാർ ജോലിചെയ്യുന്നുണ്ട്. കേരള പ്രിസൺ റൂൾ പ്രകാരമുള്ള വാർഡർമാരുടെ ചുമതലകൾ ടി ജീവനക്കാർ നിർവ്വഹിക്കുന്നുണ്ട്. മാനസിക രോഗികളായ തടവുകാരുടെ സുരക്ഷയ്ക്കും ടി ജീവനക്കാരെ നിയോഗിച്ചിരിക്കുന്നു. |
| (സി) ഇവർക്ക് നൽകിവരുന്ന വേതനം എത്രയാണെന്നും ഓരോ മാസവും വേതനം വിതരണം ചെയ്യുന്നതെന്നാണെന്നും അറിയിക്കുമോ ; | (സി) പ്രതിദിനം 350/- രൂപ വീതം നൽകുന്നു. " 2056-101-99-02 വേജസ് " എന്ന ശീർഷകത്തിൽ വേജസ് ലഭ്യമാകുന്ന മുറയ്ക്ക് ശമ്പളം മാറി നൽകാറുണ്ട്. |

| | |
|---|---|
| (ഡി) തൃശ്ശൂർ ജില്ലയിലെ വിയ്യൂർ സെൻട്രൽ ജയിലിലെ സുരക്ഷാ ജോലിയിലുള്ള വിമുക്ത ഭടന്മാർക്ക് വേതനം ലഭിക്കുവാനുണ്ടായ കാലതാമസത്തെക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ; | (ഡി) ഉണ്ട്. |
| (ഇ) എങ്കിൽ , കുടിശ്ശിക എത്ര മാസമുണ്ടായിരുന്നെന്നും ആയത് വിതരണം ചെയ്തിട്ടുണ്ടെങ്കിൽ, അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ ; | (ഇ) യും (എഫ്) ഉം കുടിശ്ശിക മൂന്ന് മാസം (2012 സെപ്റ്റംബർ, ഒക്ടോബർ, നവംബർ) . ശമ്പളം വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു<br>ആഗസ്റ്റ് മാസത്തെ ശമ്പളം മാറിയതിനു ശേഷം 04.12.2012 ൽ അലോട്ട്മെന്റ് നമ്പർ എ3-6767/12 പ്രകാരം 2,20,000/- രൂപ ലഭിച്ചതിൽ സെപ്റ്റംബർ മാസത്തിലെ വേതനമായി (സി.ബി.94/12-13) 2,03,700/- രൂപ 18.12.2012 ൽ മാറിക്കൊടുത്തിട്ടുണ്ട്. ശേഷം അലോട്ട്മെന്റ് ബാലൻസ് 1,00,600/- രൂപ മാത്രമായിരുന്നു. ആയതിനാൽ ടി വാർഡർമാർക്ക് 2012 ഒക്ടോബർ, നവംബർ മാസങ്ങളിലെ ശമ്പളം അലോട്ട്മെന്റ് തികയാത്തതിനാൽ മാറി കൊടുക്കാൻ കഴിഞ്ഞില്ല. പിന്നീട് 20.12.2012 ൽ എ3-6767/12 എന്ന അലോട്ട്മെന്റ് പ്രകാരം 10,00,000/- രൂപ അനുവദിച്ചു. ടി ഉത്തരവനുസരിച്ച് 2012 ഒക്ടോബർ , നവംബർ മാസങ്ങളിലെ ശമ്പളമായ 4,10,900/- രൂപ 28.12.2012 ലും 2012 ഡിസംബർ മാസത്തിലെ ശമ്പളം 2,00,550/- രൂപ 16.01.2013 ലും മാറിക്കൊടുത്തിട്ടുണ്ട്. ബജറ്റ് വിഹിതത്തിലെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (എഫ്) ഭാവിയിൽ എല്ലാ ജയിലുകളിലും ഇപ്രകാരം വേതനക്കുടിശ്ശിക ഉണ്ടാകുകയില്ലെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ